# അർധ വാർഷിക മൂല്യനിർണയം 2011-12

വയനാട് ജില്ല.

സാമൂഹ്യ ശാസ്ത്രം

ക്ലാസ് 10 | സമയം 2 1/2 മണിക്കൂർ

ആകെ സ്കോർ 80 | സമാശ്വാസ സമയം 15 മിനിറ്റ്

ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കിയതിന് ശേഷം ഉത്തരമെഴുതുക. ഉത്തരത്തിൽ ആവശ്യമുള്ളിടത്ത് വിശദീകരണങ്ങൾ നൽകുക. സ്കോറുകൾ ചോദ്യത്തിന് നേരെ നൽകിയിട്ടുണ്ട്.

---

1. കോർബാങ്കിംഗ് സംവിധാനത്തിന്റെ രണ്ടു ഗുണങ്ങൾ എഴുതുക സ്കോർ 2

2. ആഫ്രോ-ഏഷ്യൻ, അമേരിക്കൻ രാജ്യങ്ങളിൽ കോളനികൾ സ്ഥാപിക്കാൻ യൂറോപ്യൻ രാജ്യങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമായിരുന്നു. ? സ്കോർ 3

3. നിർമ്മിത വസ്തുക്കൾക്ക് പകരം മൂലധനം കയറ്റുമതിചെയ്യാൻ യൂറോപ്യൻകാർ ആരംഭിച്ചത് എന്തുകൊണ്ട്? ഇത് ആധുനിക ബാങ്കിംഗ് സമ്പ്രദായത്തിന് ആരംഭം കുറിച്ചത് എങ്ങിനെ? സ്കോർ 2

4. ഈസ്റ്റിന്ത്യാകമ്പനി ചൈനയുടെ മേൽ നിയന്ത്രണം നേടാൻ സ്വീകരിച്ചവളഞ്ഞ വഴികളിലൊന്നാണ് കറപ്പ് കള്ളക്കടത്ത് എന്നു പറയുന്നതെന്തുകൊണ്ട്? ഇത് ചൈനയെ എങ്ങിനെ ബാധിച്ചു. സ്കോർ 2

5. വേഴ്സായ് സന്ധി രണ്ടാം ലോകയുദ്ധത്തിന് കാരണമായതെങ്ങിനെ? സ്കോർ 2

6. കേരളത്തിൽ ഏതെല്ലാം ജില്ലകളിലാണ് റയിൽ ഗതാഗതം ഇല്ലാത്തത് ? അതിനുള്ള ഭൂമിശാസ്ത്രപരമായ കാരണമെന്ത് ? സ്കോർ 3

7. ഇന്ത്യൻ ദേശീയത രൂപപ്പെടാൻ ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ എങ്ങിനെയാണ് സ്വാധീനം ചെലുത്തിയത് ? സ്കോർ 2

8. ഭാരതീയ റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ അതിനെ ഇന്ത്യയുടെ പരമോന്നത ബാങ്ക് എന്ന പദവിക്ക് അർഹമാക്കി. റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ വിശദീകരിക്കുക. സ്കോർ 2

9 15 ഉം 16 ഉം നൂറ്റാണ്ടുകളിൽ യൂറോപ്യൻ ഭരണാധികാരികളെ ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളിലേക്കും പര്യവേഷണങ്ങളിലേക്കും നയിച്ച സാഹചര്യങ്ങൾ എന്ത് ? ഏതെങ്കിലും മൂന്നെണ്ണം പ്രതിപാദിക്കുക. സ്കോർ 3

10 തങ്ങളുടെ സംസ്കാരത്തോടു വിധേയത്തമുള്ള ഒരു തലമുറയെ സൃഷ്ടിക്കുവാൻ സാമ്രാജ്യത്വ ശക്തികൾ കോളനികളിൽ സ്വീകരിച്ച മൂന്നു നടപടികൾ എഴുതുക. സ്കോർ 3

11. ഉത്തരപർവ്വത മേഖലയുമായി ബന്ധപ്പെട്ടു ചുവടെ നൽകിയിട്ടുള്ള ഫ്ളോചാർട്ടിൽ a, b, c, d, e, f,എന്നിവ കണ്ടെത്തി എഴുതുക. സ്കോർ 3



12 ഏതെങ്കിലും രണ്ട് ഉപദ്വീപീയനദികളുടെ പേരെഴുതി അവയുടെ ഓരോ പ്രത്യേകതകൾ രേഖപ്പെടുത്തുക.
സ്കോർ 4

13 കൃഷി അധിഷ്ഠിത വ്യവസായ കേന്ദ്രങ്ങൾ ചില പ്രത്യേക പ്രദേശങ്ങളിൽ കേന്ദ്രീകരിക്കുവാനുള്ള കാരണങ്ങൾ ഒരു ഉദാഹരണസഹിതം വ്യക്തമാക്കുക. സ്കോർ 3

14. ധാതു വിഭവങ്ങളുടെ സാന്നിദ്ധ്യം ചില പ്രദേശങ്ങൾ വ്യവസായകേന്ദ്രങ്ങളാകാൻ കാരണമായിട്ടുണ്ട്. ഏതെങ്കിലും രണ്ടു വ്യവസായ കേന്ദ്രങ്ങളും അതിന് കാരണമായിട്ടുള്ള ഘടകങ്ങളും മുൻനിർത്തി ഈ പ്രസ്താവന സാധൂകരിക്കുക. സ്കോർ 4

15 റഷ്യൻ വിപ്ലവത്തിന് ശേഷം അവിടെ നടപ്പിലാക്കിയ യുദ്ധകാല കമ്മ്യൂണിസത്തിൽ നിന്നും പുത്തൻ സാമ്പത്തിക നയം എങ്ങിനെ വ്യത്യാസപ്പെട്ടിരിക്കുന്നു. സ്കോർ 4

16 ഇന്ത്യയുടെ രൂപരേഖയിൽ ചുവടെ നൽകിയിട്ടുള്ളവയുടെ സ്ഥാനം അടയാളപ്പെടുത്തുക.
എ) കണ്ട്ലാ തുറമുഖം ബി) ആരവല്ലി പർവ്വതം
സി.) മഹാനദി. ഡി) ഭിലായി ഇരുമ്പുരുക്ക് നിർമ്മാണശാല. സ്കോർ 4

17 ശാസ്ത്ര പുരോഗതി വ്യവസായ വിപ്ലവത്തിലേക്കും കാർഷിക വിപ്ലവത്തിലേക്കും നയിച്ചു. ഇതിലൂടെ കാർഷിക വ്യവസായിക രംഗങ്ങളിൽ ഉണ്ടായ മിച്ചോൽപാദനം കോളനികരണത്തേയും സാമ്രാജ്യത്വ വികസനത്തേയും ത്വരിതപ്പെടുത്തി. ഈ പ്രസ്താവനയോടു നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്.
സ്കോർ 4

18. ആധുനിക ശാസ്ത്രയുഗത്തിന് നേതൃത്വം നൽകിയ ശാസ്ത്രകാരൻമാരെ എ കോളത്തിൽ നൽകിയിരിക്കുന്നു. അനുയോജ്യമായവ ബി. സി. കോളങ്ങളിൽ നിന്നു തിരഞ്ഞെടുത്തെഴുതുക.

| എ | ബി. | സി. |
|---|---|---|
| മാക്സ് പ്ലാങ്ക് | പരിണാമ സിദ്ധാന്തം | അണുബോംബ് |
| ചാർൾസ് ഡാർവിൻ | അണുവിഭജനം | ആസ്ട്രിയൻ പുരോഹിതൻ |
| ഏണസ്റ്റ് റുതർഫോർഡ് | ജനിതക ശാസ്ത്രം | ഭൗതിക ശാസ്ത്രം |
| റവ. ഗ്രിഗോർ മെന്റൽ | ക്വാണ്ടം ബലതന്ത്രം | ഇംഗ്ലീഷ് പ്രകൃതി ശാസ്ത്രജ്ഞൻ |

സ്കോർ 4

19.




എ) ഭൂപടത്തിൽ a, b, c, d, എന്നിങ്ങനെ അടയാളപ്പെടുത്തിയവ ഏതു ഭൂപ്രകൃതി വിഭാഗങ്ങളാണെന്നു എഴുതുക.
ബി) ഈ ഭൂപ്രകൃതി വിഭാഗങ്ങളുടെ ഓരോ സവിശേഷതകൂടി എഴുതുക. സ്കോർ 4

20. ഭീകരവാദം ലോകം നേരിടുന്ന പ്രധാന വെല്ലുവിളി - പ്രധാനമന്ത്രി.

നിരക്ഷരത രാജ്യത്തിന്റെ ശാപം - വാർത്ത
മുകളിൽ നൽകിയിട്ടുള്ള വാർത്താ തലക്കെട്ടുകൾ ജനാധിപത്യം നേരിടുന്ന വെല്ലുവിളികളെ സൂചിപ്പിക്കുന്നവയാണ്. ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സെമിനാറിന് വേണ്ട അഞ്ചു ആശയങ്ങളെക്കുറിച്ച് ലഘു വിവരണം തയ്യാറാക്കുക.
സ്കോർ 5.

21. ജർമ്മനിയോടു പ്രീണന നയം സ്വീകരിക്കാൻ ബ്രിട്ടനേയും ഫ്രാൻസിനെയും പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം
സ്കോർ 5

22. ചേരികൾ ഇല്ലാതായെങ്കിലും ചേരിചേരിപ്രസ്ഥാനത്തിന് ഇന്നും പ്രസക്തിയുണ്ട്.

1. ചേരിചേരാ പ്രസ്ഥാനത്തിന്റെ ഉത്ഭവത്തിന് ഇടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാം ?
2. അതിന് നേതൃത്വം നൽകിയവർ ആരെല്ലാം ?
3. ചേരി ചേരായ്മ എന്താണ് ആവശ്യപ്പെടുന്നത്. ?

or

വ്യവസായ വികസനത്തിൽ വിവിധ ഗതാഗതമാർഗ്ഗങ്ങളുടെ പങ്ക്. എന്ന സെമിനാറിൽ അവതരിപ്പിക്കേണ്ട പ്രബന്ധത്തിൽ നിങ്ങൾ ഉൾപ്പെടുത്താനാഗ്രഹിക്കുന്ന പ്രധാന ആശയങ്ങൾ ഏവ?
സ്കോർ 6

23 പൗരസ്ത്യ യൂറോപ്യൻ സമസ്യ, മൊറോക്കൻ പ്രതിസന്ധി, ബാഗ്ദാദ് റെയിൽവേ ഇവ ഒന്നാം ലോകയുദ്ധത്തെ സാമ്രാജ്യത്വ യുദ്ധമെന്ന് വിശേഷിപ്പിക്കാൻ ഇടയാക്കി. ഇവ എങ്ങിനെ ഒന്നാം ലോകയുദ്ധത്തിന് കാരണമായി.?

or

ഇന്ത്യയുടെ ജനജീവിതത്തിൽ ഭൂപ്രകൃതി സവിശേഷതകളുടെ പങ്ക് എന്ന വിഷയത്തിൽ ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.
സ്കോർ 6